225 (2541) എല്ലാ ജില്ലകളിലും പ്രകൃതിചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി

ശ്രീ. തോമസ് ചാഴികാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ സർക്കാർ ഉടമയിൽ ആരോഗ്യവകുപ്പിന്റെ കീഴിൽ എത്ര പ്രകൃതിചികിൽസാ ആശുപത്രികൾ ഉണ്ട്; അവ എവിടെ എല്ലാം എന്ന് അറിയിക്കുമോ;

(ബി) എല്ലാ ജില്ലകളിലും പ്രകൃതി ചികിത്സാകേന്ദ്രങ്ങൾ ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 1993 മുതൽ പ്രകൃതിചികിത്സാ ഫെഡറേഷൻ നിവേദനങ്ങൾ സമർപ്പിക്കുകയും സമരങ്ങൾ നടത്തുകയും ചെയ്യുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് സർക്കാർ കമ്മീഷനെ നിയമിച്ചിരുന്നോ;

(ഡി) എങ്കിൽ കമ്മീഷൻ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഇ) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(എഫ്) കോട്ടയം ജില്ലയിൽ അതിരംപുഴ പഞ്ചായത്തിൽ സൗജന്യമായി സ്ഥലവും കെട്ടിടവും ലഭ്യമായതിനാൽ അവിടെ ആശുപത്രി സ്ഥാപിക്കണം എന്ന് കമ്മീഷൻ ശുപാർശ ചെയ്തിരുന്നുവോ;

(ജി) കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ പ്രകൃതിചികിത്സാ കേന്ദ്രം ആരംഭിക്കുവാനും ആദ്യത്തേത് കോട്ടയം ജില്ലയിൽ അതിരംപുഴയിൽ സ്ഥാപിക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നാട്ടു ചികിത്സാ വകുപ്പിന്റെ കീഴിൽ വർക്കലയിൽ 20 കിടക്കകളുള്ള ഒരു പ്രകൃതി ചികിത്സാ ആശുപത്രിയും ഒറ്റപ്പാലം ഗവൺമെന്റ് ആയുർവേദ ആശുപത്രിയോടനുബന്ധിച്ച് പത്ത് കിടക്കകളോടുകൂടിയ ഒരു യൂണിറ്റും ഉണ്ട്.

(ബി) നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(സി) ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷനെ നിയമിച്ചിരുന്നു.

(ഡി)&(ഇ) അന്തിമറിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല. ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ ഒരു ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് പഠിച്ച് ശുപാർശകൾ നൽകുന്നതിനായി ജോയിന്റ് ഡയറക്ടർ ആയിരുന്ന ഡോ. വാസുദേവശർമ്മയെ നിയമിച്ചു.

(എഫ്) ഇടക്കാല റിപ്പോർട്ടിൽ ഇങ്ങനെ ഒരു ശുപാർശ ഉണ്ടായിരുന്നു.

(ജി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

226 (2542) സിദ്ധവൈദ്യ ശാസ്ത്ര ശാഖയുടെ വികസനം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് സിദ്ധവൈദ്യ ശാസ്ത്രശാഖയുടെ പരിപാലനത്തിനും വികസനത്തിനുമായി നിയമ നിർമ്മാണം നടത്തുവാൻ പദ്ധതിയുണ്ടോ;

(ബി) സിദ്ധവൈദ്യം, യുനാനി ചികിത്സാ, ആദിവാസി ചികിത്സാ ശാസ്ത്രം എന്നിവയുടെ സംരക്ഷണത്തിനും പോഷണത്തിനും ഉതകുന്ന ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്ത് സിദ്ധ-യുനാനി കോളേജുകൾ ആരംഭിക്കുന്നതു സംബന്ധിച്ച പഠനം ആരംഭിച്ചിട്ടുണ്ട്.

227 (2543) ഖോഖോ നാഷണൽ മൽസരത്തിൽ പങ്കെടുത്ത അശ്വതി എന്ന കുട്ടിക്ക് ചികിത്സാ സഹായം

ശ്രീ. കെ.എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ മുരുക്കുംപുഴ കരിച്ചാറ കുന്നുവിള വീട്ടിൽ വേണുവിന്റെ മകളും കണിയാപുരം മുസ്ലീം ഹൈസ്കൂൾ വിദ്യാർത്ഥിനിയുമായ അശ്വതി എന്ന കുട്ടിക്ക് 1999 ഡിസംബറിൽ കൽക്കത്തയിൽവച്ചു നടന്ന റൂറൽ ഖോഖോ നാഷണൽ മൽസരത്തിൽ പങ്കെടുക്കുന്നതിനുള്ള സെലക്ഷൻ ലഭിച്ചിരുന്നോ;

(ബി) പ്രസ്തുത കുട്ടിയെ സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ കൽക്കട്ടയിൽ കൊണ്ടുപോയിരുന്നോ;

(സി) ഈ ഇനത്തിൽ പങ്കെടുത്ത ശേഷം തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിലെത്തിയ കുട്ടിയുടെ തലയിൽ പരിക്കുള്ളതായി കാണപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ കുട്ടിക്ക് ഇപ്പോൾ എവിടെനിന്നാണ് ചികിൽസ ലഭിക്കുന്നത്;

(ഇ) കുട്ടിയുടെ ഇപ്പോഴത്തെ ആരോഗ്യാവസ്ഥയെന്തന്നറിയിക്കുമോ;

(എഫ്) കുട്ടിയുടെ ചികിത്സയ്ക്ക് സാമ്പത്തികസഹായം നൽകണം എന്നാവശ്യപ്പെട്ടുകൊണ്ട് വകുപ്പുമന്ത്രിക്ക് അപേക്ഷ ലഭിച്ചിരുന്നുവോ; എങ്കിൽ എന്നായിരുന്നു;

(ജി) ഇതിൻമേൽ എന്തു നടപടിയെടുത്തു എന്നറിയിക്കുമോ;

(എച്ച്)കുട്ടിക്ക് സർക്കാരിൽ നിന്ന് എന്തുസഹായം നൽകിയിട്ടുണ്ട് എന്നറിയിക്കുമോ;

(ഐ) ഒരു സഹായം നൽകാത്തപക്ഷം കാരണം വ്യക്തമാക്കുമോ;

(ജെ) കുട്ടിയുടെ ചികിത്സയ്ക്കു വേണ്ടി ഇതുവരെ എന്തു ചിലവു വന്നിട്ടുണ്ടെന്ന് അറിയിക്കുമോ; കുട്ടിക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly